# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2435 — 12.03.2020 ലെ മറുപടി

## ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിലെ മാലിന്യനിക്ഷേപം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.സ്വരാജ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് ജലമലിനീകരണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് തടയുന്നതിന് പൊതുജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ വൃഷ്ടി പ്രദേശം (catchment area) പ്രധാനമായും വനംവകുപ്പിന്റെ നിയന്ത്രണത്തിലാണ് വരുന്നത്. ടൂറിസവുമായി ബന്ധപ്പെട്ടാണ് മാലിന്യങ്ങൾ വൃഷ്ടി പ്രദേശത്ത് എത്തിച്ചേരുന്നത്. കൂടാതെ, വനമേഖലയിൽ വരുന്ന പ്രദേശത്ത് വനംവകുപ്പിന്റെ അനുമതിയോടു കൂടി മാത്രമേ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഡാമുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഉണ്ടാകുന്ന മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യപ്പെടുന്നുണ്ട്. ജലസംഭരണികളുടെ ജലമലിനീകരണം തടയുന്നതിന് ബോധവൽക്കരണം നൽകുന്ന തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജലമലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ പൊതുജനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്വീകരിച്ചു വരുന്നുണ്ട്. ബന്ധപ്പെട്ട കാര്യാലയങ്ങളിലെ ഫീൽഡ് സ്റ്റാഫിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും പഞ്ചായത്തിന്റെ സഹായത്തോടെ നിരീക്ഷണമേർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ